**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2689** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടിക്കെതിരെ മണ്ണ് മാഫിയ സംഘത്തിന്റെ അതിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ മാറാടി വില്ലേജ് മുതുക്കല്ല് എന്ന സ്ഥലത്ത് താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട വേങ്ങപ്ലാക്കിൽ ശ്രീ. ലാലുവിന്റെ മകളും മൂവാറ്റുപുഴ നിർമല കോളേജിലെ ബിരുദ വിദ്യാർഥിനിയുമായ കുട്ടിയെ മണ്ണ് മാഫിയാസംഘം ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഈ സംഭവത്തിലെ ആവലാതിക്കാരി പരുക്ക പറ്റി ആശുപത്രിയിൽ കഴിഞ്ഞുവരവേ ആശുപത്രിയിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ പോലീസ് ക്രൈം നമ്പർ 1632/2022 U/s 354, 323, 294 (b), 506, 509, 427, of IPC & Sec.3(1) (r), 3(1)(s), 3(2) (va) of SC/ST (PoA) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ കേസിൽ SC/ST (PoA) Act പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുള്ളതിനാൽ, കേസിന്റെ അന്വേഷണം മൂവാറ്റുപുഴ ഡി.വൈ.എസ്.പി ഏറ്റെടുത്ത് നടത്തിവരുന്നതുമാണ്.<br><br>സംഭവം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശ്രീ.ലാലുവിന്റെ വീട് സന്ദർശിക്കുകയും അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി എറണാകുളം റൂറൽ എസ്.പി ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പും പോലീസും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം അനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഈ സംഭവത്തിലെ ആവലാതിക്കാരി പരുക്ക പറ്റി ആശുപത്രിയിൽ കഴിഞ്ഞുവരവേ ആശുപത്രിയിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ പോലീസ് ക്രൈം നമ്പർ 1632/2022 U/s 354, 323, 294 (b), 506, 509, 427, of IPC & Sec.3(1) (r), 3(1)(s), 3(2) (va) of SC/ST (PoA) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ |

| | | | |
|---|---|---|---|
| | | | കേസിൽ SC/ST (PoA) Act പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുള്ളതിനാൽ, കേസിന്റെ അന്വേഷണം മൂവാറ്റുപുഴ ഡി.വൈ.എസ്.പി ഏറ്റെടുത്ത് നടത്തിവരുന്നതുമാണ്.<br><br>സംഭവം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശ്രീ.ലാലുവിന്റെ വീട് സന്ദർശിക്കുകയും അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി എറണാകുളം റൂറൽ എസ്.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കേസിൽ പോലീസിൽ നിന്നും എഫ്.ഐ.ആർ. ലഭ്യമായോ; എങ്കിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിലെ ചട്ടം 12(4 ) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ കുട്ടിക്ക് ആദ്യഗഡു നഷ്ടപരിഹാരം നൽകിയോ; | (സി) | FIR പോലീസ് വകുപ്പിൽ നിന്നും 01.07.2022-ന് മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. FIR-ൽ ചേർത്തിട്ടുള്ള വകുപ്പുകൾ പ്രകാരം അതിക്രമത്തിനിരയായ പെൺകുട്ടിക്ക് 2,00,000/-രൂപ ധനസഹായത്തിന് അർഹതയുണ്ട്. അതിൽ ആദ്യഗഡുവായ 40,000/-രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള കാരണവും നഷ്ടപരിഹാരം എന്നത്തേക്ക് നൽകുമെന്നും അറിയിക്കാമോ? | (ഡി) | FIR പോലീസ് വകുപ്പിൽ നിന്നും 01.07.2022-ന് മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. FIR-ൽ ചേർത്തിട്ടുള്ള വകുപ്പുകൾ പ്രകാരം അതിക്രമത്തിനിരയായ പെൺകുട്ടിക്ക് 2,00,000/-രൂപ ധനസഹായത്തിന് അർഹതയുണ്ട്. അതിൽ ആദ്യഗഡുവായ 40,000/-രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ